# പതിനാലാം കേരള നിയമസഭ
## (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1508** **03.12.2018-ൽ മറുപടിയ്ക്ക്**

### തീരദേശ മേഖലയിലെ വികസന പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗം കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ മേഖലയിൽ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫിഷറീസ് വകുപ്പ് മുഖേന 868.2 കോടി രൂപയുടെ വികസന, ക്ഷേമ പ്രവർത്തനങ്ങളും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 410.50 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളും തീരദേശ മേഖലയിൽ അനുവദിച്ച് നടപ്പാക്കി വരുന്നു. |
| ബി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ തീരദേശ വികസനവുമായി ബന്ധപ്പെട്ട് എത്ര റോഡ് പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്; ഈ പ്രവൃത്തികളുടെ ഭരണാനുമതി എപ്പോൾ നൽകാൻ കഴിയും; എന്നിവ വ്യക്തമാക്കാമോ? | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ തീരദേശ വികസനവുമായി ബന്ധപ്പെട്ട 19 റോഡ് പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഭരണാനുമതി ലഭിച്ച 4 പ്രവൃത്തികളിൽ 3 എണ്ണം പൂർത്തീകരിക്കുകയും ഒരെണ്ണം പുരോഗമിക്കുകയും ചെയ്യുന്നു. ബാക്കിയുള്ള റോഡുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**